**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7419 14/07/2014-ൽ മറുപടിയ്ക്ക്

## നിറവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എ. അഹമ്മദ് കബീർ | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) നിറവ് പദ്ധതിയെ കുറിച്ച് വിശദമാക്കാമോ; | എ) പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും വിളകളുടെ വിസ്തൃതി കൂട്ടുന്നതിനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യവർദ്ധനവിലൂടേയും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടേയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധ മേഖലകളായ കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി, കൂൺകൃഷി, തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിത്ത് മുതൽ വിപണിവരെയുള്ള ഒരു സമഗ്ര കാർഷിക വികസന പദ്ധതിയാണ് നിറവ്. നിറവ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ബഹു.കൃഷി മന്ത്രി ചെയർമാനായ സംസ്ഥാനതല കമ്മിറ്റിയും, എം.എൽ.എ ചെയർമാനായ നിയോജക മണ്ഡലം കമ്മിറ്റിയും പഞ്ചായത്ത് പ്രസിഡന്റ് / മുനിസിപ്പൽ ചെയർമാൻ, ചെയർമാനായ ഇംപ്ലിമെന്റിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| ബി) സംസ്ഥാനത്തെ ഏതെല്ലാം മണ്ഡലങ്ങളിലാണ് നിറവ് പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | ബി) 2011-12-ൽ തെരഞ്ഞെടുത്ത 12 നിയോജക മണ്ഡലങ്ങളിൽ 11 മണ്ഡലങ്ങളിലും കാർഷിക മേഖലയിലെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ചെങ്ങന്നൂർ, തൊടുപുഴ, പാല, നോർത്ത് പരവൂർ, കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ ബാലുശ്ശേരി, പേരാമ്പ്ര, നാദാപുരം, കൽപ്പറ്റ, കൂത്ത്പറമ്പ് മുതലായ നിയോജക മണ്ഡലങ്ങളിലായി 737.58 ലക്ഷം രൂപയുടെ കാർഷിക പദ്ധതികളാണ് നടപ്പിലാക്കിയത്. 2013-14-ൽ തെരെഞ്ഞെടുത്ത 31 നിയോജക മണ്ഡലങ്ങൾക്കുമായി ആർ.കെ.വി.വൈ സ്കീമിൽ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. നിയോജക മണ്ഡലങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| സി) | നിറവ് പദ്ധതിപ്രകാരം മങ്കട മണ്ഡലത്തിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയതെന്നും ഇനിയെന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | സി) | മങ്കട നിയോജക മണ്ഡലത്തെ 2013-14-ലെ നിറവ് പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മങ്കട മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം.

## തെരഞ്ഞെടുത്ത നിയോജക മണ്ഡലങ്ങൾ 2012-13

| ക്രമ നം | ജില്ല | നിയോജക മണ്ഡലം |
|---|---|---|
| 1. | കൊല്ലം | പത്തനാപുരം |
| 2. | ആലപ്പുഴ | ചെങ്ങന്നൂർ |
| 3. | ഇടുക്കി | തൊടുപുഴ |
| 4. | കോട്ടയം | പാല |
| 5. | എറണാകുളം | നോർത്ത് പരവൂർ |
| 6. | തൃശ്ശൂർ | കൊടുങ്ങല്ലൂർ |
| 7. | മലപ്പുറം | കോട്ടയ്ക്കൽ |
| 8. | കോഴിക്കോട് | ബാലുശ്ശേരി |
| 9. | കോഴിക്കോട് | പേരാമ്പ്ര |
| 10 | കോഴിക്കോട് | നാദാപുരം |
| 11 | വയനാട് | കൽപ്പറ്റ |
| 12 | കണ്ണൂർ | കൂത്തുപറമ്പ് |

## തെരഞ്ഞെടുത്ത നിയോജക മണ്ഡലങ്ങൾ 2013-14

| ക്രമ നം | ജില്ല | നിയോജക മണ്ഡലം |
|---|---|---|
| 1. | തിരുവനന്തപുരം | വർക്കല |
| 2. | തിരുവനന്തപുരം | ചിറയിൻകീഴ് |
| 3. | തിരുവനന്തപുരം | പാറശ്ശാല |
| 4. | പത്തനംതിട്ട | കോന്നി |
| 5. | ആലപ്പുഴ | കായംകുളം |
| 6. | കോട്ടയം | വൈക്കം |
| 7. | കോട്ടയം | പുതുപ്പള്ളി |
| 8. | എറണാകുളം | പിറവം |
| 9. | എറണാകുളം | തൃപ്പൂണിത്തുറ |
| 10. | എറണാകുളം | കളമശ്ശേരി |
| 11. | തൃശ്ശൂർ | മണലൂർ |
| 12. | പാലക്കാട് | തൃത്താല |
| 13. | പാലക്കാട് | കോങ്ങാട് |
| 14. | മലപ്പുറം | മങ്കട |
| 15. | മലപ്പുറം | കൊണ്ടോട്ടി |
| 16. | മലപ്പുറം | തിരുരങ്ങാടി |

| | | |
|---|---|---|
| 17. | മലപ്പുറം | വണ്ടൂർ |
| 18. | മലപ്പുറം | നിലമ്പൂർ |
| 19. | മലപ്പുറം | വേങ്ങര |
| 20. | മലപ്പുറം | പെരിന്തൽമണ്ണ |
| 21. | മലപ്പുറം | പൊന്നാനി |
| 22. | കോഴിക്കോട് | ഏലത്തൂർ |
| 23. | കോഴിക്കോട് | തിരുവമ്പാടി |
| 24. | കോഴിക്കോട് | വടകര |
| 25. | കോഴിക്കോട് | കുറ്റ്യാടി |
| 26. | വയനാട് | മാനന്തവാടി |
| 27. | കണ്ണൂർ | മട്ടന്നൂർ |
| 28. | കണ്ണൂർ | തളിപ്പറമ്പ് |
| 29. | കണ്ണൂർ | ഇരിക്കൂർ |
| 30. | കണ്ണൂർ | അഴിക്കോട് |
| 31. | കാസർഗോഡ് | മഞ്ചേശ്വരം |

Sudhama

**സെക്ഷൻ ഓഫീസർ**